LIBRARY ARCHIVES Kerala Legislative Assembly

സ്വർണ്ണാഭരണ വിൽപ്പനയിലെ നികുതി വെട്ടിപ്പ്

17 [4755] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷത്തിലും കേരളത്തിൽ എത്ര കിലോഗ്രാം സ്വർണ്ണാഭരണങ്ങളുടെ വിൽപ്പന നടന്നിട്ടുണ്ടെന്നും അവയിൽനിന്നും എത്ര തുക നികുതിയിനത്തിൽ ഓരോ വർഷവും സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷത്തിലും കേരളത്തിൽ എത്ര സ്വർണ്ണ കള്ളക്കടത്ത് കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ടെന്നും അവയുടെ തൂക്കവും മൂല്യവും എത്രവീതമാണെന്നും വെളിപ്പെടുത്താമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര കസ്റ്റംസ് ആന്റ് എക്സൈസ് എൻഫോഴ്സ്മെന്റ് വകുപ്പുകൾക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം തരത്തിലുള്ള സഹകരണമാണ് നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) കേരളത്തിൽ കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഓരോന്നിലും നിലവിലുണ്ടായിരുന്നതും പുതുതായി ആരംഭിച്ചതുമായ എത്ര സ്വർണ്ണാഭരണ ശാലകൾ ഉണ്ടെന്നും, അതിലൂടെ എത്ര കിലോഗ്രാം സ്വർണ്ണം വീതം വിറ്റഴിക്കപ്പെട്ടു എന്നും അതിന്റെ മൂല്യം എത്ര വീതമായിരുന്നു എന്നും വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെ സ്വർണ്ണാഭരണ ശാലകളിൽനിന്നും ആഭരണങ്ങൾ വാങ്ങുമ്പോൾ നികുതി ഈടാക്കിക്കൊണ്ടുള്ള ഒറിജിനൽ രസീത് പല കട ഉടമകളും നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇത്തരക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കേന്ദ്ര കസ്റ്റംസ് ആന്റ് എക്സൈസ് ആവശ്യപ്പെടുന്ന വിവരങ്ങൾ ശേഖരിച്ചു നൽകാറുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇത്തരക്കാർക്കെതിരെ ഇപ്പോൾത്തന്നെ താഴെപ്പറയുന്ന പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. വിൽപ്പനയുടെ ഘട്ടത്തിൽ ബില്ലുകൾ നൽകാറില്ല എന്നു കണ്ടു കഴിഞ്ഞാൽ കണക്കുകൾ സ്വീകരിക്കാതിരിക്കുകയും നികുതി ചോർച്ച തടയുവാനായി പെനാൽറ്റി ഈടാക്കുകയും കണക്കിൽ കാണിച്ചിട്ടുള്ളതിൽ കൂടുതലായി വിറ്റുവരവ് നിജപ്പെടുത്തുകയും കൂടുതൽ നികുതി ഈടാക്കുകയും ചെയ്യുന്നു.

സെയിൽസ് ടാക്സ് എക്സംപ്ഷനുവേണ്ടി അപ്പീലുകൾ

18 [4756] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് എക്സംപ്ഷനുവേണ്ടി എത്ര അപ്പീലുകൾ സെയിൽസ് ടാക്സ് എക്സംപ്ഷനു വേണ്ടിയുള്ള സംസ്ഥാനതല കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലകളിൽനിന്നും തള്ളപ്പെട്ട അപ്പീലുകളും അവ ലഭിച്ച തീയതിയും വ്യക്തമാക്കാമോ;

(സി) അപ്പീലുകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സ്റ്റേറ്റ് ലെവൽ കമ്മിറ്റി ഫോർ സെയിൽസ്ടാക്സ് എക്സംപ്ഷൻ വിളിച്ചു ചേർത്ത അപ്പീലുകളിന്മേൽ തീരുമാനമെടുക്കാൻ നിർദ്ദേശം നൽകുമോ;

(ഇ) ഒരു നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ തീരുമാനമുണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിൽപ്പന നികുതി ഇളവിനായുള്ള 117 അപ്പീലുകൾ സംസ്ഥാനതല കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) കാലാകാലങ്ങളിൽ മാറ്റം വന്നിട്ടുള്ള വിൽപ്പന നികുതി ഇളവ് ചട്ടങ്ങളുടേയും, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളുടേയും വ്യാഖ്യാനങ്ങളുടേയും അടിസ്ഥാനത്തിൽ കമ്മിറ്റിക്ക് ലഭിക്കുന്ന അപ്പീലുകളെ സമഗ്രമായ പരിശോധനയ്ക്ക് വ്യവസായ ഡയറക്ടർ തലത്തിൽ വിധേയമാക്കിയശേഷം മാത്രമാണ് കമ്മിറ്റിയിൽ പരിഗണിക്കാറുള്ളത്. പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ സംസ്ഥാനതല ചുമതല നിർവ്വഹിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർ ആയതിനാൽ അവരുടെ സമയ ലഭ്യതയും കൂടി കണക്കിലെടുത്തു മാത്രമേ കമ്മിറ്റി കൂടാൻ കഴിയുകയുള്ളു. മാത്രമല്ല, ഓരോ അപ്പീലും ജില്ലകളിൽ അയച്ച് വിശദമായ റിപ്പോർട്ട് വാങ്ങി, ആവശ്യമെങ്കിൽ ജില്ലയിലെ ബന്ധപ്പെട്ട ഫയലും ലഭ്യമാക്കിയ ശേഷമാണ് പരിഗണിക്കാറുള്ളത്. ചില അപ്പീലുകളിൻമേൽ മറ്റ് ഏജൻസികളിൽനിന്ന് വിദഗ്ദ്ധാഭിപ്രായം തേടേണ്ടിയും വരുന്നുണ്ട്. കൂടാതെ ഒരിക്കൽ തീർപ്പു കൽപ്പിക്കുന്ന അപ്പീലുകൾ പിന്നീട് കോടതി വിധിയുടെ അടിസ്ഥാനത്തിൽ വീണ്ടും പരിഗണനയ്ക്കായി സംസ്ഥാനതല കമ്മിറ്റിയിൽ വയ്ക്കേണ്ടി വരുമ്പോൾ അപ്പീലുകളുടെ അന്തിമ തീർപ്പുകൽപ്പിക്കൽ നീണ്ടു പോകാറുണ്ട്.

(ഡി) അപ്പീലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ വ്യക്തവും സത്വരവുമായ നടപടികൾ സംസ്ഥാന തല കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി കൂടിയായ വ്യവസായ ഡയറക്ടറും സംസ്ഥാനതല കമ്മിറ്റിയും കൈക്കൊണ്ടിട്ടുണ്ട്. 2002 ജൂൺ മുതൽ 2003 ജൂലായ് വരെ സംസ്ഥാനതല കമ്മിറ്റി എട്ടു തവണ കൂടുകയും 198 കേസുകളിൻമേൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ തവണ യോഗം വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) അപ്പീലുകൾ തീർപ്പാക്കുന്ന കാര്യത്തിൽ അടിയന്തിര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനു പുറമെ, വേണ്ടി വന്നാൽ ജില്ലകളിൽ പോയി രേഖകൾ പരിശോധിച്ച് നടപടികൾ പൂർത്തിയാക്കി അപ്പീലുകൾ സംസ്ഥാന തല കമ്മിറ്റിയിൽ വയ്ക്കുവാനുള്ള ഒരു തീവ്രയത്ന പരിപാടിയും സംസ്ഥാനതല കമ്മിറ്റിയുടെ ആലോചനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly